## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5398 1.7.2014- ലെ മറുപടിക്ക്

### വാണിജ്യനികുതി വകുപ്പിന്റെ ആംനസ്റ്റി പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഡൊമിനിക് പ്രസന്റേഷൻ<br>ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.ഡി. സതീശൻ<br>ശ്രീ. റ്റി.എൻ. പ്രതാപൻ | ശ്രീ. കെ.എം. മാണി<br>(ധനകാര്യവും നിയമവും<br>ഭവന നിർമ്മാണവും വകുപ്പുമന്ത്രി) |
| (എ) വാണിജ്യനികുതി വകുപ്പ് ആംനസ്റ്റി പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ ; | (എ) ഉണ്ട്. കേരള പൊതുവിൽപന നികുതി നിയമപ്രകാരം 2004-05 സാമ്പത്തിക വർഷം വരെയുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിനു വേണ്ടി 2013-ൽ ഒരു പുതിയ ആംനസ്റ്റി പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. ഇതിന്റെ കാലാവധി 31.12.2013 വരെയായിരുന്നു. എന്നാൽ മൂല്യവർദ്ധിത നികുതി വരുന്നതിന് മുമ്പുള്ള കുടിശ്ശികകൾ തീർക്കുന്നതിനുള്ള പദ്ധതിയായതിനാലും, വിവിധ മേഖലകളിൽ നിന്നുള്ള ആവശ്യം പരിഗണിച്ചും ഈ പദ്ധതിയുടെ കാലാവധി മാർച്ച് 31, 2014 വരെ കേരള ധനകാര്യ ബിൽ 2014 പ്രകാരം നീട്ടിയിരുന്നു.<br><br>ഇതുകൂടാതെ, സംസ്ഥാന പൊതുമേഖലാ സ്ഥാപനങ്ങൾക്ക് വേണ്ടി 2008-ൽ പ്രാബല്യത്തിൽ ഉണ്ടായിരുന്ന ആംനസ്റ്റി പദ്ധതി, അതേ വ്യവസ്ഥകൾക്ക് വിധേയമായി കേരള ധനകാര്യ ബിൽ 2014 പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. ഇതിന് ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ജൂലൈ 31, 2014 വരെയും കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 വരെയും ആണ്. കാർഷികാദായ നികുതിക്കും 2008-ൽ നിലവിലുണ്ടായിരുന്ന കാർഷികാദായ നികുതി ആംനസ്റ്റി വ്യവസ്ഥകൾക്ക് വിധേയമായി നടപ്പിലാക്കുന്നതിനും കേരള ധനകാര്യ ബിൽ 2014 പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഈ പദ്ധതി പ്രകാരം ഓപ്ഷൻ നൽകുന്നതിനുള്ള അവസാന തീയതി ജൂലൈ 31, 2014 വരെയും കുടിശ്ശിക അടച്ചു തീർക്കാനുള്ള തീയതി ഡിസംബർ 31, 2014 വരെയും ആണ്. |

| | | | |
|---|---|---|---|
| (ബി) | ഇതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ; | (ബി) | കേരള മൂല്യ വർദ്ധിത നികുതി നിലവിൽ വരുന്നതിനുമുമ്പുള്ള അതായത് 2004-05 സാമ്പത്തിക വർഷം വരെയുള്ള പിരിച്ചെടുക്കാൻ കഴിയാത്ത നികുതി കുടിശ്ശികകൾ ചില ആകർഷകമായ ആനുകൂല്യങ്ങൾ നൽകി പരമാവധി പിരിച്ചെടുക്കുന്നതിന് വേണ്ടിയാണ് ഈ പദ്ധതി ആവിഷ്ക്കരിച്ചിട്ടുള്ളത്. |
| (സി) | എന്തെല്ലാം ആനുകൂല്യങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത പദ്ധതി മുഖേന വ്യാപാരികൾക്ക് ലഭിക്കുന്നതെന്ന് വിശദമാക്കുമോ ; | (സി) | ഈ പദ്ധതി പ്രകാരം പൊതുവില്പന നികുതി നിയമത്തിലെ 23B വകുപ്പു പ്രകാരം കുടിശ്ശികക്കാരന് താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ലഭ്യമാകുന്നു.<br><br>▪ 1991 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.<br>▪ 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.<br>▪ 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.<br>▪ 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.<br>▪ നികുതി മുഴുവനും അടച്ചുകഴിഞ്ഞ, പലിശ മാത്രം അടയ്ക്കാനുള്ള കേസുകളിൽ പലിശയുടെ 10 ശതമാനം തുക മാത്രം അടച്ചാൽ മതിയാകും.<br><br>പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച് കേരള പൊതു വില്പന നികുതി നിയമത്തിലെ 23 BA വകുപ്പു പ്രകാരം പലിശയും പിഴയും പൂർണ്ണമായും ഒഴിവാകുന്നു. ലാഭത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളാണെങ്കിൽ മുതലിന്റെ 50 ശതമാനത്തിൽ കുടിശ്ശിക തീർപ്പാക്കാവുന്നതാണ്. നഷ്ടത്തിൽ പ്രവർത്തിക്കുന്നവയാണെങ്കിൽ മുതലിന്റെ 25 ശതമാനം മാത്രം ഒടുക്കിയാൽ മതിയാകും.<br><br>കാർഷികാദായ നികുതി കുടിശ്ശികയുള്ളവർക്ക് കേരള കാർഷികാദായ നികുതി നിയമത്തിലെ 37 C വകുപ്പു പ്രകാരം താഴെപ്പറയുന്ന ആനുകൂല്യങ്ങളാണ് ലഭ്യമാകുക.<br><br>▪ 1991 വരെയുള്ള കാലത്തേക്കുള്ള |

നികുതിയുടെ 75 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും മുതലിന്റെ 25 ശതമാനവും ഒഴിവാകും.

- 1991-92 മുതൽ 1995-96 കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശയും പിഴയും പൂർണ്ണമായും ഒഴിവാകും.
- 1996-97 മുതൽ 1999-2000 വരെയുള്ള കാലത്തേക്കുള്ള നികുതിയുടെ 100 ശതമാനം ഒടുക്കിയാൽ പലിശ, പിഴ എന്നിവയുടെ 5 ശതമാനം വീതം മാത്രം ഒടുക്കിയാൽ മതിയാകും.
- 2000-01 മുതൽ 2004-05 കാലത്തേക്കുള്ള കുടിശ്ശികയുടെ പലിശ, പിഴ എന്നിവയുടെ 10 ശതമാനം വീതം നൽകിയാൽ മതിയാകും. നികുതിയുടെ 100 ശതമാനവും അടയ്ക്കേണ്ടതുണ്ട്.

ഈ ആനുകൂല്യം ലഭിക്കുന്നതിന് നിലവിലുള്ള അപ്പീലോ മറ്റു കേസുകളോ പിൻവലിക്കേണ്ടതുണ്ട്.

| | | | |
|---|---|---|---|
| (ഡി) | പ്രസ്തുത പദ്ധതി നടപ്പാക്കാൻ ഭരണതലത്തിൽ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കാമോ ? | (ഡി) | ഈ പദ്ധതി അനുസരിച്ച് കുടിശ്ശിക തീർപ്പാക്കാൻ ആഗ്രഹിക്കുന്ന കുടിശ്ശികക്കാരൻ നികുതി നിർണ്ണയാധികാരി മുമ്പാകെ നിശ്ചിത ഫോറത്തിൽ അപേക്ഷ നൽകേണ്ടതുണ്ട്. |

സെക്ഷൻ ഓഫീസർ